# കേരള സാഹിത്യ അക്കാദമി

പി.ബി. നമ്പർ 501, ചെമ്പൂക്കാവ്, തൃശ്ശൂർ-20 | ഇമെയിൽ:office@keralasahityaakademi.org
വെബ്സൈറ്റ്:www keralasahityaakademi.org

**10.06.2025**

## ക്വട്ടേഷനുകൾ ക്ഷണിക്കുന്നു

കേരള സാഹിത്യ അക്കാദമി **2025** ഓഗസ്റ്റ് **17** മുതൽ **21** വരെ സംഘടിപ്പിക്കുന്ന കേരള സാർവ്വദേശീയ സാഹിത്യോത്സവം **2025**-ന്റെ വിവിധ പ്രചാരണ ഡിസൈനിംഗ് ജോലികൾ നിർവ്വഹിക്കുന്നതിന് ഈ മേഖലയിൽ പരിചയസമ്പത്തുള്ള വ്യക്തികളിൽനിന്നും സ്ഥാപനങ്ങളിൽനിന്നും ക്വട്ടേഷനുകൾ ക്ഷണിക്കുന്നു. ടി പ്രവൃത്തിയുടെ പ്രൈസ് ക്വാട്ടിനൊപ്പം സ്ഥാപനത്തിന്റെ/വ്യക്തിയുടെ പ്രൊഫൈൽ, കഴിഞ്ഞ രണ്ടു വർഷത്തിനുള്ളിൽ ചെയ്ത സമാനമായ ജോലികളുടെ അഞ്ച് സാമ്പിളുകൾ എന്നിവ നൽകേണ്ടതാണ്. ഡിസൈനിംഗിന് ഉപയോഗിക്കാനുദ്ദേശിക്കുന്ന കളർ പാലറ്റുകൾ, ഫോണ്ട് എന്നിവയുടെ വിവരങ്ങളും ക്വട്ടേഷനോടൊപ്പം നൽകണം. സാമ്പിളുകളില്ലാത്ത ക്വാട്ടുകൾ പരിഗണിക്കുന്നതല്ല. ക്വട്ടേഷൻ സമർപ്പിക്കുന്ന കവറിനു മുകളിൽ **'ILFK 2025** പ്രചാരണ ഡിസൈൻ ജോലികൾക്കുള്ള ക്വട്ടേഷൻ' എന്ന് എഴുതിയിരിക്കണം.

ക്വട്ടേഷൻ സ്വീകരിക്കുന്ന അവസാന തീയതി: **25.06.2025** വൈകുന്നേരം **5** മണി

സെക്രട്ടറി, കേരള സാഹിത്യ അക്കാദമി, പാലസ് റോഡ്, തൃശ്ശൂർ-**20** എന്ന വിലാസത്തിൽ തപാൽ വഴിയോ നേരിട്ടോ ക്വട്ടേഷനുകൾ നൽകാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക്: **0487-2331069.**

സെക്രട്ടറി

1. കേരള സാഹിത്യ അക്കാദമി വെബ്സൈറ്റ്
2. കേരള സാഹിത്യ അക്കാദമി നോട്ടീസ് ബോർഡ്
3. കേരള സംഗീത നാടക അക്കാദമി നോട്ടീസ് ബോർഡ്
4. കേരള ലളിതകലാ അക്കാദമി നോട്ടീസ് ബോർഡ്
5. നോട്ടീസ് ബോർഡ്, തൃശ്ശൂർ ജില്ലാ കളക്ടറേറ്റ്
6. ഓഫീസ് കോപ്പി

## സാങ്കേതിക വിശദാംശങ്ങൾ

1. കേരള സാർവ്വദേശീയ സാഹിത്യോത്സവം, കേരള സർക്കാർ സാംസ്കാരികവകുപ്പിനു വേണ്ടി കേരള സാഹിത്യ അക്കാദമി സംഘടിപ്പിക്കുന്ന അന്തർദ്ദേശീയ പരിപാടിയാണ്. ഈ പരിപാടിയുടെ ഗൗരവത്തിനും നിലവാരത്തിനും ഇണങ്ങുന്നതാവണം ഡിസൈനുകൾ.

2. ഏതാണ്ട് ഒരു മാസമാണ് നിർദ്ദിഷ്ട പ്രവൃത്തിയുടെ കാലയളവ്. താഴെപ്പറയുന്നവയാണ് ഇക്കാലയളവിൽ ഡിസൈൻ ചെയ്യേണ്ടത്.

| നമ്പർ | ഇനം | സൈസ് | എണ്ണം |
|---|---|---|---|
| 1 | ഡിസ്പ്ലേ ബോർഡുകൾ (നഗരത്തിന്റെ വിവിധ ഭാഗങ്ങളിൽ പ്രദർശിപ്പിക്കാൻ) | 10 ft X 8 ft | 3 വ്യത്യസ്ത ഡിസൈനുകൾ |
| 2 | പ്രോഗ്രാം ബ്രോഷർ മൾട്ടികളർ (മലയാളം) | 1/8 സൈസ് | 8 പേജ് |
| 3 | പ്രോഗ്രാം ബ്രോഷർ മൾട്ടികളർ (ഇംഗ്ലീഷ്) | 1/8 സൈസ് | 8 പേജ് |
| 4 | എ3 പോസ്റ്ററുകൾ | | 5 വ്യത്യസ്ത ഡിസൈനുകൾ |
| 5 | പീസ് ബോർഡുകൾ | 6 ft X 2 ft | 5 വ്യത്യസ്ത ഡിസൈനുകൾ |
| 6 | എൽ ഇ ഡി സ്ക്രീൻ ബാക്ക്ഡ്രോപ്പുകൾ. മൂന്നു വേദികളിലും ഓരോ പരിപാടിക്കുമായുള്ള ഡിജിറ്റൽ ബാനറുകൾ, പങ്കെടുക്കുന്നവരുടെ ഫോട്ടോകൾ ഉൾപ്പെടുത്തിയത് (ഏകദേശം 400 പേർ) | 10ftX32ft, 6ftX8ft, 4ftX6ft | 60-65 (ഏകദേശം) |
| 7 | ബാക്ക്ഡ്രോപ്പ് പില്ലാർ ബോർഡ് (പ്രധാനവേദിക്ക്) | | 2 ഡിസൈനുകൾ |
| 8 | ബാക്ക്ഡ്രോപ്പ് മെയിൻ ബോർഡ് (മൂന്നു വേദികൾ) | | 3 ഡിസൈൻ |
| 9 | ബാഡ്ജ് പരിപാടിയിൽ പങ്കെടുക്കുന്ന വിശിഷ്ടാതിഥികൾക്ക് | | |

| | | | |
|---|---|---|---|
| 10 | ഐ ഡി കാർഡ് ഡെലിഗേറ്റ്, ഒഫിഷ്യൽ, മീഡിയ, വളന്റിയർ, ഫുഡ് സ്റ്റാൾ | | 5 ഡിസൈൻ |
| 11 | ഐ ഡി കാർഡ് ടാഗ് ഡെലിഗേറ്റ്, ഒഫിഷ്യൽ, മീഡിയ, വളന്റിയർ, ഫുഡ് സ്റ്റാൾ | | 5 കളർ സ്കീം |
| 12 | ലെറ്റർ പാഡ് | മുൻപേജ്, ബാക്ക് പേജ് | |
| 13 | പരിപാടിയുമായി സഹകരിച്ചവർക്കുള്ള സർട്ടിഫിക്കറ്റുകൾ | | |
| 14 | കുട്ടികളുടെ ശില്പശാലയിൽ പങ്കെടുക്കുന്നവർക്കുള്ള ബാഡ്ജ് | | |
| 15 | കുട്ടികളുടെ ശില്പശാലയിൽ പങ്കെടുക്കുന്നവർക്കുള്ള സർട്ടിഫിക്കറ്റ് | | |
| 16 | വേദിയുടെ പേരുള്ള ബോർഡുകൾ (വേദിയുടെ സമീപം വയ്ക്കാൻ) | 2 feet X1 feet | 3 ഡിസൈൻ |
| 17 | പോഡിയം ഡിസൈൻ | | 1 |
| 18 | എല്ലാ വേദിയുടെയും വിവരങ്ങളുള്ള ബോർഡ് | | 1 |
| അറിയിപ്പു ബോർഡുകൾ | | | |
| 1. പാർക്കിംഗ് | | | |
| 2. ഭക്ഷണം | | | |
| 3. ടോയ്‌ലറ്റ് | | | |

3. പകർപ്പവകാശമുള്ള ചിത്രങ്ങളോ ഡിസൈനുകളോ ബോർഡിലോ പോസ്റ്ററുകളിലോ ഉപയോഗിക്കരുത്. ഇതുമായി ബന്ധപ്പെട്ട നിയമപ്രശ്നങ്ങൾക്ക് കേരള സാഹിത്യ അക്കാദമിയോ ഫെസ്റ്റിവൽ കമ്മിറ്റിയോ ഉത്തരവാദികളായിരിക്കില്ല.

4. പരിപാടികളിലും പങ്കെടുക്കുന്ന വ്യക്തികളിലും വ്യത്യാസമുണ്ടാവുമ്പോൾ ലൈവ് ബാക്ക്ഗ്രൗണ്ടിൽ അപ്പപ്പോൾ മാറ്റം വരുത്തേണ്ടിവരുന്നതിനാൽ പരിപാടി നടക്കുന്ന മുഴുവൻ ദിവസങ്ങളിലും ഒരു ഡിസൈനറുടെ സേവനം ഐ എൽ എഫ് കെ ഓഫീസിൽ ഉറപ്പുവരുത്തേണ്ടതാണ്. പ്രവൃത്തിക്കാവശ്യമായ സോഫ്റ്റുവെയർ ഇൻസ്റ്റാൾ ചെയ്ത കമ്പ്യൂട്ടർ ഡിസൈനിംഗ് സ്ഥാപനം ടി വ്യക്തിക്കു നൽകേണ്ടതാണ്. ഈ സേവനത്തിന് പ്രത്യേക പ്രതിഫലം നൽകുന്നതല്ല.

5. ഇതോടൊപ്പം നൽകിയ ഫോറത്തിനൊപ്പം വ്യക്തിയുടെയോ സ്ഥാപനത്തിന്റെയോ പ്രൊഫൈൽ, രൂപകല്പന ചെയ്ത ബ്രോഷർ/നോട്ടീസ്/മറ്റ് പ്രചാരണോപാധികളുടെ കളർ സാമ്പിൾ എന്നിവ നേരിട്ടോ തപാൽമാർഗ്ഗമോ അക്കാദമിയിൽ എത്തിക്കേണ്ടതാണ്.

സെക്രട്ടറി